പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5566 25/10/2011 ൽ മറുപടിയ്ക്ക്

# പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. ബി. സത്യൻ

ഉത്തരം
ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പട്ടികജാതിക്ഷേമ വകുപ്പിന് നേരിട്ട് പദ്ധതികൾ സമർപ്പിക്കാമോ ; | (എ) | സമർപ്പിക്കാവുന്നതാണ്. |
| (ബി) | പട്ടികജാതിക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി പദ്ധതികൾ സമർപ്പിച്ചാൽ അംഗീകാരം നൽകുമോ ; | (ബി) | പട്ടികജാതി സങ്കേതങ്ങളിലും പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള എസ്.സി.പി. ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ഈ തുക മതിയാകാതെ വരുന്ന പക്ഷം പ്രോജക്ടുകൾ നേരിട്ട് പട്ടികജാതി വികസന ഡയറക്ടർക്ക് അയക്കാവുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രോജക്ടിന്റെ ഫീസിബിലിറ്റി അനുസരിച്ചും അംഗീകാരം നൽകുന്നതാണ്. |
| (സി) | വകുപ്പിന്റെ കീഴിലുള്ള വിവിധ സെക്ടറുകൾക്ക് 2011-12 വർഷത്തിൽ ആകെ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത് ; | (സി) | വിവിധ സെക്ടറുകൾക്ക് നീക്കിവെച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

റവന്യൂ സെക്ടർ

| ക്രമ നം. | | പ്ലാൻ (ലക്ഷത്തിൽ) | നോൺ പ്ലാൻ (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പട്ടികജാതിക്കാരുടെ ക്ഷേമം | 53379 | 8463.24 | 61842.24 |
| 2 | പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം | 856 | 8449.34 | 9305.34 |
| 3 | ജനറൽ | 0.01 | 1540 | 1540 |
| | ആകെ | 54235.01 | 18452.58 | 72687.59 |

**<u>ക്യാപ്പിറ്റൽ സെക്ടർ</u>**

| ക്രമ നം. | | പ്ലാൻ (ലക്ഷത്തിൽ) | നോൺ പ്ലാൻ (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പട്ടികജാതിക്കാരുടെ ക്ഷേമം | 2900 | --- | 2900 |
| 2 | പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം | 1850 | --- | 1850 |
| 3 | ജനറൽ | 1700 | --- | 1700 |
| ആകെ | | 6450 | --- | 6450 |

**<u>വായ്പകൾ</u>**

| ക്രമ നം. | | പ്ലാൻ (ലക്ഷത്തിൽ) | നോൺ പ്ലാൻ (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പട്ടികജാതിക്കാരുടെ ക്ഷേമം | ---- | 15.02 | 15.02 |
| ആകെ | | 60685.01 | 18467.60 | 79152.61 |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ വിവിധ വികസന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ? | (ഡി) | പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ നടപ്പിലാക്കേണ്ട പരിപാടികൾക്ക് അനുയോജ്യമായ പ്രോജക്ടുകൾ ലഭ്യമാക്കിയാൽ പ്രത്യേകം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ